ഓഗസ്റ്റ് 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

2018 ജൂലൈ 18 ന്, ലോകാദരണീയനായിരുന്ന ദക്ഷിണാഫ്രിക്കയുടെ മുൻ പ്രസിഡന്റും സ്വാതന്ത്ര്യസമരനായകനുമായിരുന്ന നെൽ സൺമണ്ടേലയുടെ ജന്മശതാബ്ദിയായിരുന്നു. നമ്മുടെ രാഷ്ട്രപി താവായ മഹാത്മാഗാന്ധിയുടെ ജീവിതത്തിൽനിന്നും അംഹിസാ ധിഷ്ഠിതമായ സമരമാർഗത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട നെൽസൺമണ്ടേലയുടെ ജീവിതവും ദർശനവും സ്വാതന്ത്ര്യത്തിന്റെ 71 സം വൽസരങ്ങൾ പിന്നിടുന്ന നമ്മുടെ രാഷ്ട്രത്തിനും മാർഗദീപമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്വാമി വിവേകാനന്ദന്റെ ചരിത്രപ്രസിദ്ധമായ ഷിക്കാഗോ പ്രസംഗത്തിന്റെ 125-ാം വാർഷികം 2018 സെപ്റ്റംബർ 11 നാണ്. വളരെ അഭിമാനത്തോടുകൂടി "ലോകത്തിലുള്ള സർവ മതങ്ങളിലെയും സർവരാജ്യങ്ങളിലെയും പീഡിതർക്കും ശരണാർത്ഥികൾക്കും അഭയമരുളിയതാണ് എന്റെ ജനതയെന്നതിൽ ഞാനഭി മാനിക്കുന്നു" എന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. എല്ലാവർക്കും അഭയമരു ളിയ നമ്മുടെ രാഷ്ട്രം ഇന്ന് കക്ഷിരാഷ്ട്രീയത്തിന്റെയും ജാതിമതവർഗീയത യുടെയും കലാപഭൂമിയായി മാറാതെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഈ സ്വാതന്ത്ര്യദിനത്തിൽ നാം പുതുക്കേണ്ട പ്രതിജ്ഞയാണെന്നോർക്കേണ്ടതാണ്.

2018 ജൂലൈ മാസത്തിലെ ആദ്യത്തെ 15 ദിവസങ്ങൾ അമേരിക്കൻ ഐക്യ നാടുകളിൽ അവിടുത്തെ ഭദ്രാസനബിഷപ്പായ അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പായുടെ പ്രത്യേക ക്ഷണപ്രകാരം നാം സന്ദർശനം നടത്തുകയുണ്ടായി. അറ്റ്ലാന്റാ എന്ന സ്ഥലത്ത് ഒരു പള്ളിയോട നുബന്ധിച്ചുള്ള ഒരു സ്കൂളും, ഇതര സ്ഥാപനകളും നടന്നു വന്നിരുന്ന കെട്ടിട ങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിട സമുച്ചയം വാങ്ങുന്നതു സംബന്ധിച്ച് ഇടവ കതലത്തിലും ഭദ്രാസനതലത്തിലും ചെയ്യേണ്ട തീരുമാനം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി. 47 ഏക്കർ സ്ഥലവും 2000 പേർക്ക് ഇരിക്കാവുന്ന സൗ കര്യമുള്ള ആരാധനാഹാളും സ്കൂളിനോടനുബന്ധിച്ച് 250 പേർക്ക് ഇരിക്കാ വുന്ന ചാപ്പലും അനുബന്ധ കെട്ടിടങ്ങളും കൂടി ലഭ്യമായത് വാങ്ങുന്നതിന് ഇടവകയും ഭദ്രാസനവും ചേർന്ന് തീരുമാനമെടുത്ത യോഗങ്ങളിൽ നാമും സന്നിഹിതനായിരുന്നു. ന്യൂയോർക്കിൽ റ്റീനെക്ക് പ്രദേശത്ത് സെന്റ് പീറ്റേഴ്സ് ഇടവകക്കാർ ഒരു പുതിയ ദൈവാലയം സൗകര്യപ്പെടുത്തുന്നതിനായി നല്ല വി സ്തൃതമായ ഒരു സുനഗോഗും 500 വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും വിശാലമായ ഹാളും അനുബന്ധ സൗകര്യങ്ങളുമുള്ള ഒരു സമുച്ചയം വാ ങ്ങുവാൻ തീരുമാനമെടുത്ത യോഗത്തിലും നാം സന്നിഹിതനായി വേണ്ട ആലോചനകൾ നൽകുകയുണ്ടായി. ഇടവക വികാരിക്ക് താമസിക്കാൻ ഒരു ബംഗ്ലാവും ഇതോടൊപ്പമുണ്ട്. ആ ഭദ്രാസനത്തിന്റെ വളർച്ചയിലെ ഒരു നിർ ണ്ണായക ചുവടുവെയ്പാണിത്. കൂടാതെ അമേരിക്കൻ സന്ദർശനവേളയിൽ ഹൂസ്റ്റ ണിൽ വെച്ചു നടന്ന, ഏകദേശം തൊള്ളായിരം പേർ പങ്കെടുത്ത ഫാമിലി കോൺഫ്രൻസിലും അഭിവന്ദ്യരായ ജോസഫ് മാർ ബർന്നബാസ്, തോമസ് മാർ തിമൊഥെയോസ്, ഡോ. ഐസക് മാർ ഫീലക്സിനോസ് എന്നീ എപ്പിസ്കോ പ്പാമാരുടെ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് ഭദ്രാസനം സംഘടിപ്പിച്ച പ്രത്യേക സമ്മേളനത്തിലും പങ്കെടുക്കുകയുണ്ടായി. അവിടെയുള്ള രണ്ട് പള്ളികളിലും യാത്രാമദ്ധ്യേ ഒരു ഇടദിവസം മറ്റൊരു പള്ളിയിലും വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു.

കർക്കിടകമാസത്തിന്റെ ആരംഭനാളുകൾ കേരളത്തിൽ മഴക്കെടുതികളുടെ ഒരു കാലമായിരുന്നു. പണ്ട് സ്കൂളിൽ ഞങ്ങൾ പഠിച്ചിരുന്ന കാലഘട്ടത്തിൽ പഠിച്ച, കട്ടക്കയം ചെറിയാൻ മാപ്പിളയുടെ ഒരു കവിതയിൽ നോഹയുടെ കാലത്തുണ്ടായ പ്രളയത്തെക്കുറിച്ച് വർണ്ണിക്കുമ്പോൾ കനത്ത മഴയെ വർണ്ണിച്ചതുപോലെയാ യിരുന്നു സമീപകാലത്തെങ്ങും കാണാത്ത തരത്തിലുള്ള ഈ മഴപ്പെയ്ത്ത്

"കറുത്തിരുണ്ടങ്ങനെ വാനിലെങ്ങും
ചെറുത്തുചെന്നങ്ങു മേഘവൃന്ദവും
നിറുത്തൽ തേടാതെ അതിവർഷമാർക്കും
പൊറുത്തുകൂടാത്തവിധം തുടങ്ങി"

കാലവർഷം വിതച്ച ദുരിതത്തിലായിപ്പോയവർക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്ന പല പ്രവർത്തനങ്ങൾക്കും നമ്മു ടെ സഭയുടെ വികസനവിഭാഗമായ CARD ഉം യുവജനസഖ്യവും പല ഇടവകകളും നേതൃ ത്വം നൽകി എന്നത് അനുകരണീയമത്രെ. സഭകളുടെ ഐക്യ കൂട്ടായ്മയായ Christian Agency For Social Action (CASA) എട്ടു ലക്ഷം രൂപാ ഈ പ്രവർത്തനങ്ങൾക്കായി സഭയ്ക്ക് നൽകിയത് ഫലപ്രദമായ രീതിയിൽ ഇപ്പോൾ വിനിയോഗിച്ചുവരികയാണ്. ഇത്തരം പ്രവർ ത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹി ക്കുവാൻ എല്ലാ സഭാമക്കളും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ട കൈത്താങ്ങൽ നൽകി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ജൂലൈ മാസം റാന്നി-നിലയ്ക്കൽ, കോട്ടയം-കൊച്ചി, നിരണം-മാരാമൺ എന്നീ ഭദ്രാസ നങ്ങളുടെ അസംബ്ലിയോഗങ്ങൾ നടത്തുന്ന തിന് നേതൃത്വം നൽകി. ഭദ്രാസന അസംബ്ലി കൾ കാര്യക്ഷമതയോടുകൂടി നടത്തുന്നതിന് വേണ്ട എല്ലാ ക്രമീകരണങ്ങളും വളരെ ഭംഗി യായി ചെയ്ത ഭദ്രാസന സെക്രട്ടറിമാരെ പ്രത്യേകം അഭിനന്ദിക്കുന്നു. ആഗസ്റ്റ് 28,29,30 തീയതികളിൽ നമ്മുടെ സഭയുടെ സഭാപ്ര തിനിധി മണ്ഡലം നടക്കുകയാണല്ലോ. സഭ യ്ക്ക് അനുഗ്രഹമാകുന്ന രീതിയിൽ തീരു മാനങ്ങളെടുക്കുവാൻ മണ്ഡലയോഗത്തിനു കഴിയേണ്ടതിനായി എല്ലാവരും പ്രാർത്ഥി ക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയും മലങ്കര യാക്കോബായ സുറിയാനി സഭ യും തുടർന്നുവരുന്ന സംവാദനങ്ങളുടെ പരമ്പരയിലെ 9-ാമത് സംവാദം നമ്മുടെ തിരുവല്ലായിലെ പൂലാത്തീനിൽ വെച്ചു നടക്കുകയുണ്ടായി. ഇതുവരെ നടന്ന സം വാദങ്ങളുടെ പശ്ചാത്തലത്തിൽ ഒരു സംയു ക്തപ്രസ്താവന പുറപ്പെടുവിക്കുന്നതിനുള്ള നക്കൽ തയ്യാറാക്കി രണ്ടു സഭകളുടെയും സിനഡുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രതികരണങ്ങൾ ആരാഞ്ഞശേഷം, രണ്ടു സഭകളും ചേർന്ന് ഒരു ഐക്യസന്ദേശത്തി ന്റെ സംയുക്ത പ്രസ്താവന പുറപ്പെടുവിക്കു ന്നതിന് പൂലാത്തീനിൽ സംവാദത്തിനായി കൂടിയ വേളയിൽ തീരുമാനിച്ചിട്ടുണ്ട്. പ്രത്യേ കം സമയം വേർതിരിച്ച്, നവതിയുടെ നിറവി ലായിരിക്കുന്ന മലങ്കര യാക്കോബായ സുറി യാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ശ്രേഷ്ഠ ബാവാ തിരുമേനിയ്ക്ക് പ്രത്യേകം

ജന്മദിനാശംസകൾ നേരുകയും പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു.

സെപ്റ്റംബർ മാസം 19-ാം തീയതി മുതൽ ആസ്ട്രിയായിലെ വിയന്നായിൽ വെച്ചു നടക്കുന്ന ഓൾഡ് കാതലിക്ക് സഭയുടെ പ്രത്യേക സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായുള്ള ക്ഷണം ലഭിച്ചിട്ടുണ്ട്. മാർത്തോമ്മാ സഭയുടെ പ്രതിനിധികളായി നാമും അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പായും ആ യോഗത്തിൽ പങ്കെടുക്കാമെന്ന് ആഗ്രഹിക്കുന്നു.

പുത്തൻകുരിശിൽ വെച്ച് ജൂലൈ 22-ാം തീയതി ഞായറാഴ്ച നടന്ന ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നവതി ആഘോഷപരിപാടികളുടെ ഭാഗമായി നടന്ന പ്രത്യേക സമ്മേളനം നാം ഉദ്ഘാടനം ചെയ്തു. ഏതു പ്രതിസന്ധിയിലും കൈവിടാതെ കരം പിടിച്ചു നടത്തുന്ന ദൈവകൃപ കൂടുതലായി ഏറ്റുവാങ്ങി സഭയെ നയിപ്പാൻ തിരുമേനിക്ക് കഴിയട്ടെ എന്ന പ്രാർത്ഥനാപൂർവമായ ആശംസകൾ നേർന്നു. കാലാവസ്ഥ അനുകൂലമല്ലാതിരുന്നിട്ടുപോലും വലിയ ഒരു വിശ്വാസസമൂഹം ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അഭിവന്ദ്യരായ തിരുമേനിമാരാലും, ബഹുമാന്യരായ വൈദികരാലും ശ്രേഷ്ഠരായ അതിഥികളാലും വേദിയും സമ്പന്നമായിരുന്നു.

കേരളം ഒരു കാലത്ത് സമത്വസുന്ദരമായ ഒരു നാടായി വിളങ്ങിയിരുന്നു എന്നതിന്റെ ഓർമ്മ പുതുക്കൽ അനുഭവമായിട്ടാണ് ഓരോ വർഷവും ഓണം നമ്മുടെ ഇടയിലേക്ക് കടന്നു വരുന്നത്. സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചപ്പോൾ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത് നമ്മുടെ നാട്ടിൽ നിലവിലിരുന്ന വിവേചനങ്ങൾ കണ്ടിട്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ പഴയതിലും ഭീകരമല്ലേ എന്ന് ആലോചിക്കേണ്ടതാണ്. പ്രസിദ്ധമായ ഗെറ്റിസ് ബർഗ് പ്രസംഗത്തിൽ ജനാധിപത്യഭരണകൂടത്തിന്റെ അടിസ്ഥാന സവിശേഷതകൾ അമേരിക്കയുടെ പ്രസിഡണ്ടായിരുന്ന മഹാനായ ഏബ്രഹാംലിങ്കൺ സൂചിപ്പിച്ചിരുന്നു. ആ പ്രസംഗം ഉപസംഹരിച്ചത് Government of the people, by the people, for the people, shall not perish from the Earth എന്നു പറഞ്ഞുകൊണ്ടാണ്. ഒരു രാഷ്ട്രീയ ചിന്തകൻ ഇന്നത്തെ ജനാധിപത്യത്തെ ആക്ഷേപഹാസ്യത്തോടുകൂടി വിശദീകരിച്ചത് off the people, buy the people, for the people എന്നാണ്. യഥാർത്ഥത്തിൽ ഇന്നത്തെ അവസ്ഥയുടെപ്രതിഫലനമല്ലേ ഇത് എന്ന് ചിന്തിക്കേണ്ടതാണ്.

ജൂലൈ മാസം ആദ്യ രണ്ടാഴ്ചകൾ നാം സ്ഥലത്തില്ലായിരുന്നു. ആ അവസരത്തിൽ "സഭാസ്നേഹികൾ' എന്ന വ്യാജേന ചിലർ പ്രചരിപ്പിച്ചതായ രണ്ടു അപവാദപ്രചരണങ്ങളുടെ പിന്നിലുള്ള യഥാർത്ഥ സത്യാവസ്ഥ സഭാജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ജൂൺ മാസം 26-ാം തീയതി പെരുമ്പാവൂരിലെ വൈകിട്ടത്തെ ഒരു പ്രോഗ്രാം കഴിഞ്ഞ് രാത്രി 12 മണിയോടുകൂടി നാം തിരുവല്ല പൂലാത്തീനിൽ എത്തിച്ചേർന്നു. അപ്പോൾ എന്നെ കാണാൻ ഒരു കുടുംബം അവിടെ ഉണ്ടായിരുന്നു. ആ സമയത്ത് കല്ലുവാതുക്കലിൽ നിന്നും ഒരാൾ ടെലഫോണിൽ നമ്മെ വിളിച്ച് ഇപ്രകാരം പറഞ്ഞു - ഡൽഹിയിൽ വെച്ച് മരിച്ചതായ ഒരാളുടെ മൃതദേഹം നാട്ടിലെത്തിച്ചിട്ടുണ്ട്. പിറ്റേദിവസം രാവിലെ (ജൂൺ 27-ാം തീയതി) ശവസംസ്കാരം നടത്തുന്നതിന് അനുവാദം വേണമെന്നു പറഞ്ഞു. അപ്പോൾ വിവരങ്ങൾ നാം അന്വേഷിച്ചു. ആ മരിച്ച ആളിന് കല്ലുവാതുക്കൽ അംഗത്വം ഉണ്ടോ എന്ന് ചോദിച്ചപ്പോൾ 'ഇല്ല' എന്നാണ് മറുപടി ലഭിച്ചത്. അങ്ങനെയെങ്കിൽ താഴെപ്പറയുന്ന രേഖകൾ ആവശ്യമാണെന്ന് ഫോണിൽകൂടി അദ്ദേഹത്തെ അറിയിച്ചു - (1) മരണ സർട്ടിഫിക്കറ്റ് (2) ഡൽഹിയിൽ നിന്ന് ഭൗതീകശരീരം കൊണ്ടുവന്നതിന്റെ പോലീസ് ക്ലിയറൻസ് (3) ഡൽഹിയിൽ അംഗമായിരുന്നു എന്നുവരികിൽ ഇടവക വികാരിയുടെ കത്ത് (4) കല്ലുവാതുക്കൽ പള്ളിയിൽ ശുശ്രൂഷ നടത്തി അവിടെ ശവസംസ്കാരം നടത്തുവാൻ ആഗ്രഹിക്കുന്നതിനാൽ ആ ഇടവകയുടെ അറിവും സമ്മതവും സംബന്ധിച്ച രേഖ. ഇത്രയും രേഖകളാണ് ആവശ്യപ്പെട്ടത്. ഈ സംഭാഷണം നടക്കുമ്പോൾ സമയം രാത്രി 12.30 ആയിരുന്നു. 'ഇപ്പോൾ തന്നെ രേഖകൾ കൊണ്ടുവരാം' എന്ന് അദ്ദേഹം അപ്പോൾ പറഞ്ഞു. കല്ലുവാതുക്കൽ നിന്ന് തിരുവല്ലായിൽ എത്തിച്ചേരുമ്പോൾ രാവിലെ മൂന്നു മണി എങ്കിലും ആകും എന്നതിനാൽ അവർക്കുണ്ടാകുന്ന ആ ബുദ്ധിമുട്ട് ഒഴിവാക്കാൻ അവരുടെ സൗകര്യം പരിഗണിച്ച് നാം മറ്റൊരു നിർദ്ദേശം വെച്ചു - ജൂൺ 27-ാം തീയതി രാവിലെ കൊട്ടാരക്കരയിൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള ഒരു പരിപാടിക്ക് നാം വരുന്നുണ്ടെന്നും ആ പരിപാടി 11 മണിയോടുകൂടി കഴിയുമ്പോഴേക്കും ബന്ധപ്പെട്ട രേഖകൾ കൊട്ടാരക്കരയിൽ കൊണ്ടുവന്നാൽ, അതു കണ്ട് ബോദ്ധ്യപ്പെട്ടാൽ ബാക്കി നടപടികൾ സ്വീകരിക്കാമെന്നുമാണ് നാം നിർദ്ദേശിച്ചത്. കല്ലുവാതുക്കലിൽ നിന്നും ബന്ധപ്പെട്ടവർ ബഹറിൻ സെന്റർ സെക്രട്ടറി തോമസിനെയും കൂട്ടി നാം പറഞ്ഞതിന്റെ വെളിച്ചത്തിലുള്ള രേഖകൾ കൊണ്ടുവരികയും അതു ബോധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ തിരുവല്ലാ പൂലാത്തീൻ ഓഫീസിൽ ആ രേഖകൾ സമർപ്പിച്ച് കൽപന ഏറ്റുവാങ്ങുവാൻ നിർദ്ദേശിക്കുകയും ചെയ്തു. 3 മണിയോടുകൂടി തിരുവല്ല പൂലാത്തീനിൽ നാം എത്തിച്ചേരുമെന്നും അപ്പോഴേക്കും അവരും എത്തിച്ചേരണമെന്നും നാം അറിയിച്ചു. നാം തിരുവല്ലായിൽ 3 മണിക്ക് എത്തിച്ചേർന്നപ്പോൾ അവരും അവിടെ വന്നു. 3.30 ന് തിരുവല്ലായിലുള്ള സഭയുടെ ഒരു പരിപാടിയിൽ നമുക്ക് പോകേണ്ടതായിട്ടുണ്ടായിരുന്നു. അതുകൊണ്ട് അവരുടെ സാന്നിധ്യത്തിൽ വെച്ചുതന്നെ നമ്മുടെ സെക്രട്ടറി അച്ചനെ വിളിച്ചു കൽപന തയ്യാറാക്കുവാൻ നിർദ്ദേശിച്ചു. തിരുവല്ലായിലെ സമ്മേളനത്തിന് അതിഥികൾ എത്തിച്ചേർന്നിരുന്നതിനാലും സമ്മേളനം ആരംഭിക്കുവാൻ സമയമായതിനാലും കൽപന ഡി.റ്റി.പി. എടുത്ത് എത്രയും പെട്ടെന്ന് സമ്മേളനവേദിയിൽ നമ്മുടെ അടുക്കൽ എത്തിക്കുവാൻ സെക്രട്ടറി അച്ചനോട് നിർദ്ദേശിച്ച ശേഷമാണ് 3.15 ന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിപാടിക്ക് നാം പോയത്. ആ പരിപാടി നടക്കുന്നതിനിടയിൽ തന്നെ പ്ലാറ്റ്ഫോമിൽ നമ്മുടെ അടുക്കൽ കൽപന കൊണ്ടുവന്നു തരികയും നാം അപ്പോൾത്തന്നെ കൽപനയിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. 28-ാം തീയതി രാവിലെ ശവസംസ്കാരം നടക്കുകയും ചെയ്തു. ഇതാണ് സത്യാവസ്ഥ എന്നു മനസ്സിലാക്കാതെയാണ് പല അപവാദപ്രചാരണങ്ങളും പലരും നടത്തിയത്. നമ്മുടെ അമേരിക്കൻ സന്ദർശനം കഴിഞ്ഞ് നാട്ടിൽ മടങ്ങിവന്നപ്പോൾ ഈ സംഭവുമായി ബന്ധപ്പെട്ട് നേരത്തെ നമ്മുടെ അടുക്കൽ ബന്ധപ്പെട്ടവരുമായി വന്ന ബഹറിൻ സെന്റർ സെക്രട്ടറി തോമസ് ഈ യാഥാർത്ഥ്യമെല്ലാം മനസ്സിലാക്കി ഇവിടെ നടന്ന വ്യാജപ്രചരണങ്ങളിൽ തനിക്കുള്ള സങ്കടം നമ്മെ അറിയിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്തു എന്ന വസ്തുതയും അറിയിച്ചുകൊള്ളട്ടെ.

നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി ഞാൻ ഇവിടെ നിന്നും അമേരിക്കയിലേക്ക് യാത്ര തിരിച്ച ജൂൺ 30-ാം തീയതി രാവിലെ മാരാമണ്ണിൽ പ്രഭാതഭക്ഷണം കഴിച്ച ശേഷം കസേരയിൽ ഇരിക്കവേ പെട്ടെന്ന് ഉറങ്ങിപ്പോയി. തിരുമേനി ഒരു മയക്കത്തിൽ ആയിപ്പോയതുപോലെ തോന്നിയതിനാൽ അരമനയിലുള്ളവർ കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ വിവരമറിയിക്കുകയും ഉടനെതന്നെ ഒരു ആംബുലൻസ് എത്തിച്ച് ഒരു ഡോക്ടറും നേഴ്സും കൂടിച്ചേർന്ന് തിരുമേനിയെ ഹോസ്പിറ്റലിൽ എത്തിക്കുകയും ചെയ്തു. തിരുമേനിയുടെ പൾസ് റേറ്റ് ആശുപത്രിയിലെത്തുമ്പോഴേക്കും പൂജ്യമായി കഴിഞ്ഞിരുന്നു. സ്ഥിതിയുടെ ഗുരുതരാവസ്ഥ മനസ്സിലാക്കി ഡോക്ടർ സി.പി.ആർ. ഉപയോഗിക്കുകയും നിലച്ച ശ്വാസം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. അവിടുത്തെ ചികിത്സയിൽ ശ്വാസോച്ഛ്വാസം സാധാരണഗതിയിലും പൾസ്റേറ്റ് സാധാരണ സ്ഥിതിയിലുമായി. എന്നാൽ സംഭാഷണത്തിൽ വ്യക്തത ഇല്ലായിരുന്നു. മൂന്നാം ദിവസം തിരുമേനിയുടെ

സഹോദരിയുടെ മകളും ഭർത്താവും വെല്ലൂരിൽ നിന്നും വന്നു. ആളുകളെ തിരിച്ചറിയാൻ തന്നെ തിരുമേനിയ്ക്ക് പ്രയാസമായിരുന്നു. അവരെ പോലും തിരുമേനി തിരിച്ചറിഞ്ഞത് രണ്ടാം ദിവസമാണ്. ഈ അവസ്ഥയിൽ ഒരു ദിവസം കൂടി കഴിഞ്ഞപ്പോൾ വെല്ലൂരിലേക്കു കൊണ്ടുപോകാനുള്ള താല്പര്യം സഹോദരിയുടെ മകളും ഭർത്താവും പ്രകടിപ്പിച്ചു. അമേരിക്കയിലായിരുന്ന നമ്മെ വിവരം ടെലിഫോണിലൂടെ അറിയിച്ചു. എന്നാൽ ആ അവസ്ഥയിൽ തിരുമേനിയെ ആംബുലൻസിൽ വെല്ലൂർ വരെ കൊണ്ടുപോകുന്നത് സ്ഥിതി കൂടുതൽ വഷളാകുവാൻ ഇടയാകും എന്നും യാത്രാമധ്യേ എന്തെങ്കിലും സംഭവിച്ചാൽ അതിനു മറുപടി പറയുന്നതിൽ നിന്നും സഭയ്ക്ക് ഒഴിഞ്ഞുമാറിനിൽക്കാൻ കഴിയുകയില്ല എന്നും ഈ പ്രത്യേക അവസ്ഥയിൽ തിരുമേനിയെ സഭ കുടുംബത്തെ ഏൽപിച്ചു എന്ന അപവാദം ഉണ്ടാകും എന്നും മനസ്സിലാക്കിയാണ് നാം ആ അവസ്ഥയിൽ തിരുമേനിയെ വെല്ലൂർക്ക് കൊണ്ടുപോകുവാൻ അനുവാദം നൽകാതിരുന്നത്. ഒരാഴ്ച കഴിഞ്ഞ് അപ്പോഴത്തെ സ്ഥിതിയിൽ ഒരു മാറ്റം ഉണ്ടായിവരികയാണെങ്കിൽ വെല്ലൂരിൽ കൊണ്ടുപോകുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും നാം അവരെ അറിയിച്ചു. വാസ്തവം ഇതായിരിക്കെ ഇരവിപേരൂരുള്ള ഒരു വ്യക്തി മനുഷ്യാവകാശ കമ്മീഷനു പരാതി നൽകിയതിനെ തുടർന്ന് ചില നടപടികൾ ഉണ്ടായതായി അറിയുവാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കലക്ടറും ബന്ധപ്പെട്ടവരും തിരുമേനിയുടെ അവസ്ഥ മനസ്സിലാക്കുവാൻ ആശുപത്രിയിൽ വന്നപ്പോൾ സൗഖ്യത്തോടുകൂടി ഔദ്യോഗിക വസ്ത്രമണിഞ്ഞ് കസേരയിൽ ഇരിക്കുന്ന തിരുമേനിയെയാണ് അവർ കണ്ടത്. അവരുമായും തിരുമേനി കുശലം പറഞ്ഞു. അവർക്കുള്ള ആശങ്കകളും ഒഴിവായി. എന്നാൽ തിരുമേനിയുടെ ക്ഷീണാവസ്ഥയിൽ ഒരാളുടെ സ്വകാര്യതപോലും മാനിക്കാതെ ആരോ ഒരാൾ തിരുമേനിയുടെ ഫോട്ടോ എടുക്കുകയും ഒരു പത്രത്തിൽ വാർത്ത വരികയും ചെയ്തത് അഭിലഷണീയമായ ഒരു കാര്യമാണോ എന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. ഇക്കാലമത്രയും തിരുമേനിക്ക് വേണ്ടതായ എല്ലാ സ്നേഹവും കരുതലും പരിചരണവും നൽകിയ സഭയെയാണ് ഇങ്ങനെയുള്ളവർ അവഹേളിക്കുന്നത് എന്ന് മനസ്സിലാക്കേണ്ടതാണ്. എന്നു മാത്രമല്ല മനുഷ്യാവകാശ കമ്മീഷന് പരാതി സമർപ്പിച്ചു എന്നു പറയുന്ന വ്യക്തി താൻ അങ്ങനെ ഒരു പരാതിയും കൊടുത്തിട്ടില്ലെന്ന് 2018 ജൂലൈ 21-ാം തീയതി ശനിയാഴ്ചത്തെ മലയാളമനോരമ പത്രത്തിലൂടെ അറിയിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ആരാണ് പരാതി നൽകിയത് എന്നതിനെക്കുറിച്ച് അന്വേഷിക്കേണ്ട ഉത്തരവാദിത്വം മനുഷ്യാവകാശ കമ്മീഷന് ഉണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. പ്രായത്തിന്റേതായ ചെറിയ ക്ഷീണം ഉണ്ടെങ്കിലും തിരുമേനി ഇപ്പോൾ സുഖത്തോടും ക്ഷേമത്തോടും കൂടി മാരാമണ്ണിലെ അരമനയിൽ ആയിരിക്കുന്നു. തിരുമേനിക്ക് അത്ഭുതകരമായ സൗഖ്യം നൽകിയ ദൈവത്തിനു സ്തോത്രം ചെയ്യാം.

ആഗസ്റ്റ് 1-ാം തീയതി പതിനഞ്ച് നോമ്പാരംഭിക്കുകയാണ്. പഴയ കാലത്ത് ചിങ്ങമാസം ഒന്നാം തീയതിയായിരുന്നു 15 നോമ്പ് ആരംഭിച്ചിരുന്നത്. ചിങ്ങം 15 നായിരുന്നു പതിനഞ്ചുനോമ്പ് വീടൽ. ആ നോമ്പുവീടൽ ദിവസമായിരുന്നു ഏബ്രഹാം മൽപാൻ വി. കുർബ്ബാന ചൊല്ലിയപ്പോൾ സുറിയാനി പുസ്തകം നോക്കി പ്രൊമ്യോനും സെദറായും മാത്രം മലയാളത്തിലാക്കി ചൊല്ലിയത്; അല്ലാതെ മുഴുവൻ കുർബാന ശുശ്രൂഷയും മലയാളത്തിലാക്കി ചൊല്ലുകയായിരുന്നില്ല. എന്നാൽ അത് നവീകരണത്തിന്റെ ആരംഭം കുറിച്ചു. അന്ന് മലങ്കര മെത്രാപ്പോലീത്താ അതിന്റെ പേരിൽ ഏബ്രഹാം മല്പാനച്ചനെയും ഇടവകയെയും ആ നവീകരണശ്രമത്തോടു ചേർന്നുനിന്ന ഇടവക ജനങ്ങളെയും സഭയിൽ നിന്നും പുറത്താക്കുകയാണുണ്ടായത്. പിന്നീട് ചില വർഷങ്ങൾ കഴിഞ്ഞാണ് വി.കുർബ്ബാന പൂർണ്ണമായും മലയാളത്തിൽ കോവൂർ ഐപ്പ് തോമാ കത്തനാർ പാലിയേക്കര പള്ളിയിൽ ചൊല്ലിയത്. അന്ന് ആരാധനയിൽ പങ്കെടുത്തുമടങ്ങിയ ഒരു സഭാവിശ്വാസി, അന്നേദിവസം പ്ലാവിൽ ചക്കയിടാൻ കയറി ഒരാൾ വീണപ്പോൾ അതിനോടു പ്രതികരിച്ചത് ഇപ്രകാരമാണ്-"കോവൂരച്ചൻ മലയാളത്തിൽ കുർബ്ബാന ചൊല്ലിയപ്പോൾത്തന്നെ ഞാൻ വിചാരിച്ചതാണ് ഇന്ന് എന്തെങ്കിലും ദുരന്തം സംഭവിക്കുമെന്ന്". ഇത്തരം തെറ്റായ പ്രതികരണങ്ങളെയെല്ലാം അതിജീവിച്ചാണ് നവീകരണം സഭയിൽ ശക്തിപ്പെട്ടത് എന്നോർക്കുക.

ഓഗസ്റ്റ് 5 ഞായർ സഭയായി ചിന്തിക്കുന്നത് ദൈവിക നൊമ്പരത്തിലുള്ള പങ്കുചേരലാണ് ദൗത്യം എന്ന ചിന്തയാണ്. അന്ന് മിഷൻ സൺഡേയായി ആചരിക്കുന്നു. ഓഗസ്റ്റ് 6 തിങ്കളാഴ്ച മറുരൂപപ്പെരുന്നാളാണ്. മറുരൂപ മലയിലെ നമ്മുടെ കർത്താവിന്റെ തേജസ്ക്കരണത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ മനസ്സിലാക്കേണ്ട ഒരു സുപ്രധാന വസ്തുതയുണ്ട്. ദൈവീകമായ ഒരു അന്തരീക്ഷത്തിന്റെ നിർവൃതിയിൽ മോശയോടും ഏലിയാവിനോടുമൊപ്പം യേശുക്രിസ്തുവിനെ ദർശിച്ച ശിഷ്യന്മാർ ആ അവസ്ഥയിൽ തുടരുന്നത് ഏറെ ധന്യമെന്ന് കരുതുന്നതായി പത്രോസിന്റെ വാക്കുകളിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ പിതാവായ ദൈവത്തിന്റെ നൊമ്പരം ഏറ്റുവാങ്ങിയ കർത്താവ് താഴ്വരയിലേക്കിറങ്ങിവന്ന് താഴ്വരയുടെ രോഗാതുരമായ അവസ്ഥയിൽ സൗഖ്യം കൊടുക്കുന്നതാണ് പിതാവിന്റെ ഹൃദയനൊമ്പരത്തിലുള്ള ഉൾച്ചേരലെന്ന് ശിഷ്യസമൂഹത്തെ പഠിപ്പിച്ചു. നമ്മുടെ ഈ കാലഘട്ടത്തിലെ ദൗത്യത്തെക്കുറിച്ചും നമുക്ക് ഈ ദർശനമുണ്ടായിരിക്കണം. ഓഗസ്റ്റ് 12-ാം തീയതി ഞായറാഴ്ച സൃഷ്ടിയിലെ നന്മ കണ്ടെത്തുക എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. ആകുലചിന്തപ്പെടുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. നമുക്ക് നല്ലതെന്തെന്ന് ദൈവത്തിന് അറിയാം. ദൈവം നല്ലത് എന്നു കാണുന്നതിനെ ഉൾക്കൊള്ളാനുള്ള പക്വത നമുക്കുണ്ടാകണം. ഈ പക്വതയും സൃഷ്ടിയുടെ സൗന്ദര്യം ആസ്വദിക്കുവാനും നന്മ കണ്ടെത്തുവാനും നമുക്ക് സാധിക്കട്ടെ. ഓഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച നവീകരണ ദിനമാണ്. നിരന്തരമായ പുതുക്കത്തിലൂടെയാണ് ഓരോ വ്യക്തിയും നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കേണ്ടത്. എന്നാൽ ഈ പുതുക്കം നമ്മുടെ ഇച്ഛാശക്തികൊണ്ടു മാത്രം സാധിക്കുന്നതല്ല. ദൈവത്തിന്റെ വചനം നമ്മിൽ ക്രിയ ചെയ്യുമ്പോഴാണ് നാം യഥാർത്ഥത്തിൽ പുതുക്കപ്പെടുന്നതും നവീകരിക്കപ്പെടുന്നതും. മാമോദീസ: ക്രിസ്തുവിനോടുകൂടിയുള്ള മരണവും ഉത്ഥാനവും എന്ന ചിന്തയെ കേന്ദ്രീകരിച്ചാണ് ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച സഭയായി ധ്യാനിക്കുന്നത്. മാമോദീസായിലൂടെ ക്രിസ്തുവിന്റെ ശരീരമായ സഭയോട് ഉൾച്ചേരുന്ന ഒരു വ്യക്തി സ്വയം ശൂന്യവൽക്കരണത്തിലൂടെ ക്രിസ്തുവിൽ വളരുന്ന അനുഭവത്തിലേക്ക് പ്രവേശിക്കുകയാണ്. അങ്ങനെ പ്രവേശിപ്പിക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ മരണത്തോട് താദാത്മ്യം പ്രാപിക്കുകയും ക്രിസ്തുവിൽ ഉയിർപ്പിക്കപ്പെടുന്ന അനുഭവത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും. അങ്ങനെയുള്ള വ്യക്തികളാണ് ക്രിസ്തുവിലൂടെയുള്ള മാനവികതയുടെ മുഖശോഭ ലോകത്തിന് സമ്മാനിക്കുന്നവരായിത്തീരുന്നത്.

"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" (റോമർ 8:18)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, **ഡോ. ജോസഫ് മാർത്തോമ്മാ**
29-07-2018 **മെത്രാപ്പോലീത്താ**